“**വിശ്വാസം, അതല്ലേ എല്ലാം**.”
*--ഡോ. നന്ദകുമാർ ചാണയിൽ*

ഒരു സ്വർണ്ണക്കടയുടെപരസ്യത്തിൽ നടൻ ദിലീപ് പറയുന്നതാണിത്. ഇതിന് യഥാർത്ഥജീവിതത്തിൽ ഒരുപാട് അർത്ഥതലങ്ങളുള്ളതായി കാണാം.

വിശ്വാസം ഒരു മതത്തിലാവാം, ദേശീയതയിലാവാം, രാഷ്ട്രീയത്തിലാവാം, ഇസങ്ങളിലാവാം; എന്നുവേണ്ട, മനുഷ്യവ്യാപാരത്തിന്റെ ഏതു മേഖലയിലുമാവാം. അത് നന്മയിലും തിന്മയിലും ആവിർഭവിക്കാം. വിശ്വാസത്തിനാസ്പദമായ പ്രധാന ഘടകം രൂഢമൂലവും അന്ധവുമായ അനുകരണവാസനയാണെന്ന് മൊത്തത്തിലുള്ളൊരു വിശകലനത്തിൽനിന്നു മനസ്സിലാവുന്നതാണ്. ഒരുപാട് മതവിശ്വാസങ്ങളും ഇസങ്ങളും നിലവിലുണ്ട്. ഇവയുടെ അനുയായികളെല്ലാം ഒരു ഗുരുവിനെയോ നായകനെയോ അർപ്പണബോധത്തോടെ പിന്തുടരുന്നവരും സ്വന്തം മേധാശക്തി വിനിയോഗിക്കുന്നതിൽ ബലഹീനരുമാകുന്നു. അതാണല്ലൊ ലോകം കണ്ടിട്ടുള്ള എല്ലാ വിധ്വംസകവാസനകളുടെയും ഉത്ഭവം.

രാഷ്ട്രീയനേതാക്കളും ഇതുപോലെ അനുയായികളുടെ ചിന്താശക്തിയെ വന്ധീകരിക്കാൻ പ്രാപ്തരാണ്. ഉദാഹരണത്തിന്, യാതൊരു വിശ്വാസപ്രമാണങ്ങളിലോ സംഹിതകളിലോ പശ്ചാത്തലപരിജ്ഞാനമോ പരിചയമോ ഇല്ലാത്ത ഒരു നേതാവ്, എന്തോ ഏതോ പൊട്ടഭാഗ്യംകൊണ്ട്, ഒരു സുപ്രഭാതത്തിൽ രാഷ്ട്രത്തലവനായി തെരെഞ്ഞെടുക്കപ്പെട്ടു എന്നിരിക്കട്ടെ. ആ വ്യക്തിക്ക് പദവിയുടെ മാഹാത്മ്യം ഒന്നുമതി അനുയായികളെ കയ്യിലെടുക്കാൻ. അങ്ങനെ വരുമ്പോൾ, അണികൾക്ക് നേതാവിന്റെ ഭൂതകാലചരിത്രമോ സ്വഭാവശുദ്ധിയോ ഒന്നും ഒരു പ്രശ്നമേ അല്ലാതായിത്തീരുന്നു. അപ്പോൾ നാം കാണുന്നത്, സ്വന്തം വിവേചനബുദ്ധിയും ചിന്താശക്തിയും പണയംവച്ച് അന്ധാനുസാരികൾ

‘ലക്ഷംലക്ഷം പിന്നാലെ’ എന്നാർത്തുവിളിച്ച് ഒരാളെ അനുഗമിക്കുന്ന കാഴ്ചയാണ്. മനുഷ്യരുടെ ഈ ബലഹീനതയെ ചൂഷണംചെയ്താണ് മതാചാര്യന്മാരും ആത്മീയാചാര്യന്മാരും രാഷ്ട്രീയനേതാക്കളും സാമുദായികനേതാക്കളും തന്താങ്ങളുടെ ഇരിപ്പിടം ഭദ്രമാക്കുന്നത്.

ഏതു മേഖലയിലായാലും, അധികാരം അല്ലെങ്കിൽ നേതൃപദവി ആ നേതാവിന് നിരുപാധികം സമ്മാനിക്കുന്ന അപൂർവ്വശക്തിയാണ് അനുസരണവ്യഗ്രരായ അനുധാവകശ്രേണി. തുല്യശക്തിയോടെ, എന്തെങ്കിലും കാരണംകൊണ്ട്, അണിയിലൊരാൾ വിഘടനാവാദം ഉന്നയിക്കുമ്പോഴാണ് ഒരു പൊട്ടിപ്പിളർപ്പുണ്ടായി ഒരു മറുചേരി ഉണ്ടാകുന്നത്. ആദ്യനേതാവിന് പിടിച്ചുനില്ക്കാനുള്ള ത്രാണി നഷ്ടപ്പെടുമ്പോഴാണ് രണ്ടാമത്തെ ചേരിക്ക് കൊഴുക്കാൻ സാധിക്കുക. വ്യക്തികളോട് അണികൾക്കുള്ള ആരാധനാമനോഭാവമാണ് നേതാവിനെയും പരിവാരത്തെയും കൂട്ടിയിണക്കുന്ന കണ്ണി.

മനുഷ്യന് സ്രഷ്ടാവ് ചിന്താശക്തി നല്കിയിട്ടുണ്ട്. ഇതരജീവജാലങ്ങളിലിൽനിന്നു വ്യതിരിക്തമായ സവിശേഷതകളോടെ മനുഷ്യനെ വേർതിരിക്കുന്ന ഒരു സുപ്രധാന ഘടകമാണത്. സ്വഭാവസവിശേഷതകളിൽ സമാനതകളുള്ള മനുഷ്യരിലും അസമാനതകളും അസാംഗത്യങ്ങളും ഉണ്ടല്ലൊ. അതെന്തുകൊണ്ടെന്നാൽ, മനുഷ്യരുടെ ചിന്തകൾ പലതരത്തിലാണ് എന്നതുതന്നെ. സമാനചിന്താഗതിയുള്ളവർ ഒരുവശത്തും വ്യത്യസ്തചിന്താഗതിയുള്ളവർ മറുവശത്തുമായി വേർതിരിയുന്നു. കാലാന്തരത്തിൽ ഇരുവശത്തും വീണ്ടും അഭിപ്രായഭിന്നതകൾ പെരുകുന്നു. സങ്കുചിത മനഃസ്ഥിതി, അഹന്ത, അസഹിഷ്ണുത, അതിരുകടന്ന അഹംബോധം, താൻപോരിമ, അപകർഷതാബോധം, അപരാധബോധം, ചെയ്തതിനു മാപ്പുചോദിക്കാനുള്ള വിമുഖത എന്നീ ദൗർബ്ബല്യങ്ങൾ പരസ്പരബഹുമാനത്തെയും സ്!നേഹത്തെയും ഉലയ്ക്കുന്നു.

അങ്ങനെ ഇന്നലെവരെ മിത്രങ്ങളായിരുന്നവർ അസഹിഷ്ണുക്കളും വൈരികളുമായി മാറുന്നു. അത്തരം സ്പർദ്ധ കൂട്ടക്കൊലയ്ക്കും വംശഹത്യയ്ക്കും തിരിതെളിയിക്കുന്നു.

ഉന്നതാദർശങ്ങൾ വാതോരാതെ പ്രസംഗിച്ചും, വാക്ചാതുരിയാലും എഴുത്തുവിദ്യയിലെ നൈപുണ്യത്താലും അണികളെ കബളിപ്പിച്ചും, സ്വന്തംകാര്യം സിന്ദാബാദിനു പ്രാമുഖ്യം നല്കുന്ന ഇത്തരം ഇത്തിൾക്കണ്ണികളിലിൽനിന്നു മോചനം നേടുക ക്ഷിപ്രസാധ്യമല്ല.
എങ്കിലും ഒരു ജനതയ്ക്കു മാതൃകയാകേണ്ട രാഷ്ട്രത്തലവൻതന്നെ ആരോഗ്യപരിപാലകർ അനുശാസിക്കുന്ന നിഷ്ക്കർഷ പാലിക്കാഞ്ഞാലുണ്ടാവുന്ന തിക്താനുഭവങ്ങളെ കാറ്റിൽ പറത്തി സ്വന്തം കാര്യത്തിലുള്ള ലാഭേച്ഛയ്ക്കായി, മുഖാവരണങ്ങളില്ലാതെ, വ്യക്തികൾ തമ്മിൽവേണ്ട അകലം പാലിക്കാതെ, ലക്ഷക്കണക്കിന് ആളുകളെ ആകർഷിച്ച റാലികൾ ഇക്കഴിഞ്ഞ അമേരിക്കൻ തെരഞ്ഞെടുപ്പിൽ നാം കണ്ടതാണല്ലൊ. തന്റെ അണിയിലുള്ളവർക്കെന്തു സംഭവിച്ചാലും തനിക്ക് ഒരുചുക്കും വരാനില്ല എന്ന സ്വാർത്ഥചിന്ത ഒരുനേതാവിനും യോജിച്ചതല്ല.
അതുപോലെതന്നെയാണ് അനുയായികളെ ചൂഷണംചെയ്യുന്ന ആൾദൈവങ്ങളും മതമൂല്യങ്ങളെ വളച്ചൊടിച്ച് സ്വാർത്ഥലാഭത്തിനും ഭദ്രാസനത്തിനും പാടുപെടുന്ന കപടസന്യാസികളും.

ഈയവസരത്തിൽ ശ്രീ നാരായണ ഗുരുദേവന്റെ മഹത്തായ സാരോപദേശമാണ് മനസ്സിൽ ഓടിയെത്തുന്നത്:
അവനവനാത്മസുഖത്തിനാചരിക്കു-
ന്നതപരന്നു സുഖത്തിനായ് വരേണം.
ഗുരിവിനോടൊരു ക്ഷമാപണത്തോടെ, അവസാന പദത്തിന് ‘അപരനസുഖത്തിനായ് വരാതിരിക്കണേ’ എന്നൊരു മൊഴിമാറ്റം ഈയവസരത്തിൽ ഉചിതമാണെന്നു തോന്നുന്നു.